ദുർബലരായ ഭവന രഹിതർക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം

18 (3301) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബലരായ ഭവന രഹിതർക്ക് വീട് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ പദ്ധതിയിലും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും എത്ര വീടുകൾ പൂർത്തിയാക്കിയെന്നും പറയാമോ ;

(ബി) ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതിയിൽ (ഐ. എ. വൈ. പോലുള്ള) ധനസഹായം ഗുണഭോക്താക്കൾക്ക് നൽകാത്തതിനാൽ നിലവിലുണ്ടായിരുന്നവ പൊളിച്ച ശേഷം നിർമ്മാണമാരംഭിച്ച വീടുകളും പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് അറിയുമോ ;

(സി) എങ്കിൽ ഇത്തരം ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്യാൻ തടസ്സമെന്തായിരുന്നുവെന്ന് പറയാമോ ;

(ഡി) 2013-14 വർഷം അനുവദിച്ചിരുന്ന എല്ലാ വീടുകൾക്കും ധനസഹായം വിതരണം ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പറയാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

19 (3302) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ പി.എം.ജി.എസ്.വൈ. ഫേസ് VIII പാക്കേജിൽപ്പെട്ടിട്ടുള്ള ഏതെല്ലാം റോഡുകൾ ആണ് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത റോഡുകളിൽ എത്രയെണ്ണം നിർമ്മാണം പൂർത്തിയാക്കി ; വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫേസ് VIII-ൽ ഉൾപ്പെട്ട എത്ര റോഡുകൾ പൂർത്തിയാക്കുവാനുണ്ട് ; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഫേസ് VIII-ലെ എത്ര റോഡുകൾക്ക് മെയിൻറനൻസിന് കരാർ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ താഴെ പറയുന്ന 5 റോഡുകൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്.

1. അമ്പലപ്പാറ പഞ്ചായത്തിലെ ലക്ഷംവീട് കുനൻമല റോഡ്
2. അമ്പലപ്പാറ പഞ്ചായത്തിലെ കണ്ണമംഗലം-കണ്ണമംഗലം റോഡ്
3. കരിമ്പുഴ പഞ്ചായത്തിലെ പോരാന്ത്ര കടപ്പാടം റോഡ്
4. പൂക്കോട്ടുകാവ് പഞ്ചായത്തിലെ പൂക്കോട്ടുകാവ് കോവിലിങ്ങൽപ്പടി റോഡ്
5. അമ്പലപ്പാറ പഞ്ചായത്തിലെ കടമ്പൂർപള്ളി കടവ് റോഡ്.

(ബി) ഒരു റോഡിന്റെയും പണി പൂർത്തിയായിട്ടില്ല. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഫേസ് 8-ലെ എല്ലാ റോഡു പ്രവൃത്തികൾക്കും 5 വർഷത്തെ മെയിന്റനൻസ് ചെയ്യുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

ഗ്രാമവികസന വകുപ്പിലെ കമ്മിറ്റികൾ

20 (3303) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ അനുവദിച്ചിരിക്കുന്ന വിവിധ തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly